# തെങ്ങുകയറ്റ പരിശീലനം

കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും തൃപ്തി കോക്കനട്ട് ഫെഡറേഷൻെറയും നേതൃത്വത്തിൽ നാളികേര വികസന ബോർഡിൻെറ സഹകരണത്തോടെ തെങ്ങിൻെറ ചങ്ങാതിക്കൂട്ടം പരിശീലനം ആരംഭിച്ചു.

പൂവാട്ടുപറമ്പിൽ ആരംഭിച്ച പരിശീലന പരിപാടി പെരുവയൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് സുബിത തോട്ടാഞ്ചേരി ഉദ്ഘാടനം ചെയ്തു.

കമ്പനി ചെയർമാൻ പി. പ്രദീപ്കുമാർ അധ്യക്ഷതവഹിച്ചു. ഗ്രാമപ്പഞ്ചായത്ത് വൈ. പ്രസി. പോതാത്ത് മുഹമ്മദ്ഹാജി, പഞ്ചായത്ത് മെമ്പർ അനിസ് പാലാട്ട്, ടി.എം. ചന്ദ്രശേഖരൻ, കമ്പനി ഡയറക്ടർമാരായ എം. ശ്രീനിവാസൻനായർ, സി.പി.എഫ്. ട്രഷറർ പി. വീരാൻകുട്ടി, വി.കെ. റസാഖ് എന്നിവർ പ്രസംഗിച്ചു. കോക്കനട്ട് ഡെവലപ്മെൻറ് ബോർഡിലെ ട്രെയ്നിങ് മാസ്റ്റർമാരായ സി.ജെ. ജോൺസൺ, ബേബി മാത്യു എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലനം നടക്കുന്നത്. പെരുവയൽ പഞ്ചായത്ത് അസി. കൃഷി ഓഫീസർ പി. ശ്യാംദാസ് ക്ലാസ്സെടുത്തു. കമ്പനി ഡയറക്ടർ എം.ടി. മുഹമ്മദ് സ്വാഗതവും വി.എം. അഹമ്മദ് നന്ദിയും പറഞ്ഞു.



പൂവാട്ടുപറമ്പിൽ ആരംഭിച്ച തെങ്ങുകയറ്റ പരിശീലന പരിപാടി പെരുവയൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് സുബിത തോട്ടാഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു